കെ. എഫ്. സി. യുടെ പ്രവർത്തന വികേന്ദ്രീകരണം

* 212. [233] ശ്രീ. ടി. കെ. അബ്ദു :
,, കെ. മൂസ്സക്കുട്ടി :
,, കോടിയേരി ബാലകൃഷ്ണൻ :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എഫ്. സി. യുടെ പ്രവർത്തനം വികേന്ദ്രീകരിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ലോൺ അനുവദിക്കുന്നതിനും ലോൺ തുക നൽകുന്നതിനും ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) പത്തുലക്ഷം രൂപയിൽ താഴെ വരുന്ന വായ്പാ അപേക്ഷകൾ അതാത് ജില്ലാ ഓഫീസുകളിൽത്തന്നെ പരിശോധിക്കാൻ അധികാരം നൽകിയിട്ടുണ്ട്.

(ബി) ഒരു ലക്ഷം രൂപ വരെയുള്ള സാധാരണ വായ്പാ അപേക്ഷകളിലും, രണ്ടര ലക്ഷം രൂപ വരെയുള്ള വാഹനം വാങ്ങാനുള്ള വായ്പാ അപേക്ഷകളിലും തീരുമാനമെടുക്കാൻ ജില്ലാ മാനേജർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. വായ്പാ വിതരണാനന്തരമുള്ള എല്ലാ ജോലികളും അതാത് ജില്ലാ ഓഫീസുകളിലാണ് ചെയ്യുന്നത്.

(സി) അപേക്ഷ പരിഗണനയ്ക്കെടുക്കുന്നതിന് മുമ്പായി അപേക്ഷകനുമായി ഒരു പ്രാരംഭ ചർച്ച, പ്രോജക്ടിന്റെ ടെക്നിക്കൽ ഫീസിബിലിറ്റിയെക്കുറിച്ചുള്ള പഠനം, വായ്പയ്ക്ക് ഈടായി നൽകുന്ന വസ്തുക്കളുടെ വില നിർണ്ണയം, പ്രമാണ പരിശോധന എന്നിവയ്ക്കുശേഷം, വായ്പ സംബന്ധിച്ച പ്രമാണം നടത്തിക്കഴിഞ്ഞ്, പ്രോജക്ടിന്റെ പുരോഗതിയുടെ അടിസ്ഥാനത്തിലും, അപേക്ഷകന്റെ മുതൽമുടക്ക് നിക്ഷേപത്തിന് ആനുപാതികമായും, തവണകളായി വായ്പ തുക നൽകുന്നു.

ശ്രീ. ടി. കെ. അബ്ദു : ജില്ലാ തലത്തിൽ പത്തുലക്ഷം രൂപവരെ കൊടുക്കുവാനുള്ള അധികാരമുണ്ടെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിൽ കാസർകോടുള്ള ഒരാളിന് എന്തെങ്കിലും സാമ്പത്തിക സഹായത്തിനുവേണ്ടി തിരുവനന്തപുരത്ത് വരണമെന്നുള്ളതാണ് ഇന്ന് നിലവിലുള്ളത്. അതുകൊണ്ട് അതിന്റെ അധികാരം വികേന്ദ്രീകരിച്ച് വായ്പ നൽകുന്നതിന് അപേക്ഷിക്കുന്ന ആളുകളെ സഹായിക്കുന്നതിന് സ്ഥിരമായ ഒരു സംവിധാനമുണ്ടാക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു പരിധിവരെ ഇതിനുള്ള അധികാരം കൊടുത്തിട്ടുണ്ട്. കെ. എഫ്. സി. ബോർഡിൽ ഐ. ഡി. ബി. ഐ. യിലെയും റിസർവ്വ് ബാങ്കിലെയും പ്രതിനിധികളുണ്ട്. വായ്പ കൊടുക്കുന്നതിന് അവരുടെ നോംസ് അനുസരിച്ച് പരിശോധിക്കുവാനുള്ള അധികാരം ബോർഡിനാണ്. പക്ഷേ ചെറിയ വായ്പകളെ സംബന്ധിച്ചിടത്തോളം ഉള്ള അധികാരങ്ങൾ വികേന്ദ്രീകരിക്കുകയെന്നുള്ള നയമനുസരിച്ച് പതിനാല് ജില്ലകളിലും ജില്ലാ ഓഫീസുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷിക്കാമെങ്കിലും ബോർഡിന്റെ തീരുമാനത്തിലാണ്. ഐ. ഡി. ബി. യുടേയും റിസർവ്വ് ബാങ്കിന്റെയും നോംസ് അനുസരിച്ചല്ലാതെ നമുക്ക് മുന്നോട്ടു പോകാൻ കഴിയില്ല. ഗവൺമെന്റ് ശുപാർശ ചെയ്തതനുസരിച്ച് അവർ ഒരു നോംസ് പറഞ്ഞിട്ടുണ്ട്. ആ നോംസിന് വിരുദ്ധമായിട്ട് നമുക്ക് പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. അബ്ദു: വ്യവസായത്തിനുവേണ്ടി പണമനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമൊന്ന് ലഘൂകരിച്ച് അതിനുവേണ്ടി മുന്നോട്ടുവരുന്ന ആളുകളെ സഹായിക്കുവാൻ വേണ്ടി ഒരു സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെന്റ് ഒരു നയമെന്നുള്ള നിലയിൽ കെ. എഫ്. സി. യെ അറിയിച്ചിട്ടുണ്ട്. ഐ. ഡി. ബി. ഐ. യോടും റിസർവ്വ് ബാങ്കിനോടും ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. വ്യവസായികൾക്ക് കെ. എഫ്. സി. യെക്കുറിച്ച് ധാരാളം ആക്ഷേപങ്ങളുണ്ട്. ആക്ഷേപങ്ങൾ അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളരെവേഗത്തിൽ വായ്പ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. കെ. മൂസ്സക്കുട്ടി: കെ. എഫ്. സി. യുടെ അധികാര വികേന്ദ്രീകരണം സംബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിൽ കുറെ അധികാരങ്ങൾ കൊടുത്തിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ ഇന്നും അൻപതു രൂപയുടെ ചെക്ക് കിട്ടുവാൻപോലും ജില്ലാകേന്ദ്രത്തിൽ സാദ്ധ്യമല്ല. അതിന് കാസർക്കോടു മുതലുള്ള ആളുകൾ തിരുവനന്തപുരത്തേക്ക് വരണമെന്നുള്ള സ്ഥിതിവിശേഷം ഐ. ഡി. ബി. ഐ. യുടേയും റിസർവ്വ് ബാങ്കിന്റെയും നോംസ് കൊണ്ടാണോ; അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അധികാരം കൊടുത്തിട്ടുള്ളവർക്ക് ചെക്ക് കൊടുക്കുവാനുള്ള അധികാരവും കൊടുത്തിട്ടുണ്ട്. പക്ഷേ അവർ പാസ്സാക്കിയശേഷമുള്ള പ്രോഫീസുമായി ബന്ധപ്പെടാതെ ചെക്ക് കൊടുക്കുന്നത് പലപ്പോഴും ബുദ്ധിമുട്ടുണ്ടാക്കും. അധികാര വികേന്ദ്രീകരണം നടത്തിയിട്ടുള്ള സ്ഥലങ്ങളിൽ കാലതാമസം ഉണ്ടാകാതെ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. മൂസ്സക്കുട്ടി: അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായിട്ടാണോ കെ. എഫ്. സി. യിൽ കമ്പ്യൂട്ടറൈസേഷൻ സ്ഥാപിച്ചത് ?

ശ്രീ. തച്ചടി പ്രഭാകരൻ: കമ്പ്യൂട്ടറൈസേഷൻ എന്നുള്ളത് ഒരു നാഷണൽ പോളിസിയാണ്. ഇക്കാര്യത്തെക്കുറിച്ച് സംശയം വേണ്ട, ഗവൺമെന്റ് ആവർത്തിച്ചു പറയുകയാണ്. കമ്പ്യൂട്ടറൈസ് ചെയ്തിട്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് നവീകരണം ഉണ്ടാക്കുകയെന്നുള്ളതാണ്. ആരെതിർത്താലും ശരി, കമ്പ്യൂട്ടറൈസ് ചെയ്യുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കേരിയേരി ബാലകൃഷ്ണൻ: കെ. എഫ്. സി. യിൽ കെട്ടിക്കിടക്കുന്ന എത്ര അപേക്ഷകളുണ്ട് ? അധികാര വികേന്ദ്രീകരണ നടപടി സ്വീകരിച്ചതിന്റെ ഫലമായിട്ട് കെട്ടിക്കിടന്ന എത്ര അപേക്ഷകളിൻമേൽ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : പല കാരണങ്ങളാലാണ് അപേക്ഷകൾ ഇങ്ങനെ കെട്ടിക്കിടക്കുന്നത്. ഒന്നാമതായി ഇതിനാവശ്യമായ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തുടങ്ങിയ ഡോക്കുമെൻസ് അപേക്ഷകൻ കൊടുക്കുന്നില്ല. അപ്പോൾ അപേക്ഷകർ വരുമ്പോൾ ഇതൊക്കെ പരിശോധിച്ച് അവരെ അറിയിക്കണം. ആദ്യം കെ. എഫ്. സി. ചെയ്തിരുന്നത് ഒരു ഡിഫക്ട് നോക്കിയിട്ട് അതിന് മെമ്മോ അയയ്ക്കും, അടുത്ത ഡിഫക്ട് നോക്കിയിട്ട് അതിന് മെമ്മോ അയയ്ക്കും അപ്പോൾ കാലതാമസം ഉണ്ടാകും.. ഇപ്പോൾ അങ്ങനെയല്ല. ഒരു അപേക്ഷകൻ വന്നുകഴിഞ്ഞാൽ ഡിഫക്ടസിനെക്കുറിച്ച് പരിശോധിച്ച് അപേക്ഷകനെ അറിയിക്കണം. ഞാൻ കെ. എഫ്. സി. യിലെ പ്രതിനിധികളുമായി ചർച്ചചെയ്തപ്പോൾ ഞാൻ പറഞ്ഞത്, ഓരോ അപേക്ഷകൻ വരുമ്പോഴും എന്തെല്ലാം ഡിഫക്ട്സ് ഉണ്ടോ അതെല്ലാം ചർച്ചചെയ്ത് അവരെ ബോദ്ധ്യപ്പെടുത്തണമെന്നാണ്. അങ്ങനെ അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് കൊടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കെട്ടിക്കിടക്കുന്ന എത്ര അപേക്ഷകളുണ്ടെന്നുള്ള ചോദ്യത്തിന് മറുപടി പറഞ്ഞില്ല.

ശ്രീ. തച്ചടി പ്രഭാകരൻ : അതിന് പ്രത്യേകമായിട്ട് ഒരു ചോദ്യം ചോദിച്ചാൽ പറയാം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കമ്പ്യൂട്ടർവൽക്കരണം ആരെത്തിർത്താലും നടപ്പിലാക്കുമെന്ന് ഇവിടെ പറഞ്ഞു. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഫലമായിട്ട് കെ. എഫ്. സി. യിൽ എത്രമാത്രം തൊഴിൽ സാദ്ധ്യത നഷ്ടപ്പെടുമെന്നുള്ളതിനെക്കുറിച്ച് വല്ല കണക്കുകളും ഗവൺമെൻറ് തയ്യാറാക്കിയിട്ടുണ്ടോ ? അത് വ്യക്തമാക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : കമ്പ്യൂട്ടറൈസേഷൻകൊണ്ട് ഇന്ന് നിലവിലിരിക്കുന്ന ഒരു തൊഴിലാളിയുടെ പ്രമോഷനെയോ, ജോലിയെയോ ബാധിക്കുന്നില്ല. കമ്പ്യൂട്ടറൈസ് ചെയ്യുന്നത് ഒരു പുതിയ മാനേജ്മെൻറ് വച്ചാണ്. കമ്പ്യൂട്ടറൈസേഷനെ എതിരായിട്ട് ചില യൂണിയനുകൾ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. കമ്പ്യൂട്ടറൈസ് ചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. അതിന് ഏകദേശം പത്തര ലക്ഷം രൂപയോളം ഗവൺമെൻറ് ചെലവാക്കിയിട്ടുമുണ്ട്. ഗവൺമെൻറ് നയമനുസരിച്ച്, നിലവിലുള്ള തൊഴിലാളികൾക്കാർക്കും തൊഴിൽ നഷ്ടപ്പെടില്ല.

മി. സ്പീക്കർ : തൊഴിൽ സാദ്ധ്യത എത്രമാത്രം നഷ്ടപ്പെടുമെന്നുള്ളത് കണക്കാക്കിയിട്ടുണ്ടോയെന്നാണ് ചോദിച്ചത്.

ശ്രീ. തച്ചടി പ്രഭാകരൻ : തൊഴിൽ സാദ്ധ്യതയ്ക്ക് ഒരു നഷ്ടവും വരില്ല. പക്ഷേ കമ്പ്യൂട്ടറൈസ് ചെയ്യുന്നതുകൊണ്ട് മാനേജ്മെൻറ് എഫിഷ്യൻസിയാണ് വർദ്ധിക്കുന്നത്.

ശ്രീ. ഒ. രേതൻ : കേരളത്തിൽ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരികയാണ്. ആ വസ്തുത കണക്കിലെടുത്ത് കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ പോലുള്ള അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഈ രീതിയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്ന നയം അഞ്ചോ പത്തോ കൊല്ലത്തേക്കെങ്കിലും മാറ്റി വയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കെ. എഫ്. സി. യിലോ സർക്കാർ സർവ്വീസിലോ അതുപോലുള്ള മറ്റു സ്ഥാപനങ്ങളിലോ കുറച്ചുപേർക്ക് ജോലികൊടുത്ത് നമ്മുടെ സംസ്ഥാനത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സംസ്ഥാനത്തിന്റെ വരുമാനമനുസരിച്ച് സാദ്ധ്യമല്ല. തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ സ്വയംതൊഴിൽ കണ്ടെത്താൻ മാർഗ്ഗങ്ങളുണ്ടാക്കുകയല്ലാതെ കെ. എഫ്. സി. യിൽ രണ്ടുപേർക്ക് ജോലികൊടുത്തുവെന്ന് വച്ച് ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ സാദ്ധ്യമല്ല. ഇത് ഒരു മോഡണൈസേഷനാണ്. മോഡണൈസേഷനെന്നു പറഞ്ഞാൽ, കമ്പ്യൂട്ടറൈസ് ചെയ്യുന്നതുകൊണ്ട് വായ്പയെടുക്കുന്ന ആളുകൾക്ക് അതിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും നൽകുകയെന്നുള്ളതാണ്. അല്ലാതെ, ഇത് തൊഴിൽ സാദ്ധ്യതയെ ബാധിക്കുകയില്ല.

ശ്രീ. ഒ. ഭരതൻ : വികസിത രാജ്യങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ, മെക്കനൈസേഷൻ, ആട്ടോമേഷൻ തുടങ്ങിയ കാര്യങ്ങൾ സാർവ്വത്രികമായി അംഗീകരിക്കുന്നുണ്ട്. എങ്കിൽപ്പോലും വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ പോലുള്ള യന്ത്രവൽക്കരണത്തിന്റെ ഫലമായി രാജ്യം കുഴപ്പങ്ങളിലേക്കും നാശത്തിലേക്കുമാണ് നീങ്ങുന്നതെന്നുള്ള സാമ്പത്തിക ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സാമ്പത്തിക ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായമൊന്നും അറിയില്ല. ഇൻഡ്യ ഒരു വികസിത രാജ്യമാണ്. ഒരു വികസിത രാജ്യമാകുമ്പോഴേക്കും ലോകത്ത് നടക്കുന്ന വികസനങ്ങളെല്ലാം ഈ രാജ്യത്തും നടക്കണം; അല്ലാതെ സാമ്പത്തിക വിദഗ്ദ്ധൻമാർ പറയുന്ന മറ്റു കാര്യങ്ങളും ആശ്രയിച്ചല്ല. ഗവൺമെൻറ് ഇക്കാര്യത്തെ സംബന്ധിച്ച്, വികസിത രാജ്യമെന്നുള്ള നിലയിൽ, വികസനപ്രവർത്തനങ്ങളും നടത്തുകയെന്നുള്ളതാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള ദേശീയ നയം. ആ ദേശീയ നയമാണ് കേരളത്തിലും നടപ്പിലാക്കുന്നതെന്നുള്ള കാര്യത്തിൽ സംശയം വേണ്ട.

ശ്രീ. എം. വി. മാണി : സർ, കെ. എഫ്. സി. യിൽ നിന്നും പ്രധാനമായും ലോൺ കൊടുക്കുന്നത് വ്യവസായങ്ങൾക്കും ട്രാൻസ്പോർട്ടിനും വേണ്ടിയാണ്. ട്രാൻസ്പോർട്ട് ഒരു സ്വയംതൊഴിൽ കണ്ടെത്തുന്ന മേഖലയാണ്. നിർഭാഗ്യവശാൽ ട്രക്കുകളും ബസുകളും വാങ്ങിക്കുന്നതിനു കെ. എഫ്. സി. യിൽ നിന്നും പരിമിതമായ തുകയാണ് നീക്കി വച്ചിരിക്കുന്നത്. അതുകൊണ്ട് ആ തുക വർദ്ധിപ്പിക്കുവാൻ വേണ്ടി, എല്ലാ ജില്ലകൾക്കും കൂടുതൽ ബസുകളും ട്രക്കുകളും ജീപ്പുകളും വാങ്ങിക്കാൻവേണ്ടി കൂടുതൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വെഹിക്കിൾ ലോൺ കൊടുക്കുന്നത് ലോ പ്രയോറിറ്റിയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. പക്ഷെ വെഹിക്കിൾ ലോൺ കൊടുക്കുന്നത് ഇൻറസ്റ്റ് കുറവായതുകൊണ്ട് എല്ലാവരും അതിന് വന്നുകഴിഞ്ഞാൽ നമ്മുടെ ഓരോ പ്രദേശവും എടുത്ത് പരിശോധിച്ച് അവിടെ എത്ര വെഹിക്കിൾ ഓടാൻ കഴിയും, റക്കവറി കിട്ടുമോ എന്നുള്ളത് പരിശോധിച്ചശേഷമാണ്. രണ്ടു മാസമായി കെ. എഫ്. സി. വെഹിക്കിൾ ലോൺ നിർത്തിവച്ചിരിക്കുകയാണ്. കെ. എഫ്. സി. യിലെ ആളുകളുമായി ഇന്നലെയും ഞാൻ ചർച്ച നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. സെൽഫ് എംപ്ലോയ്മെൻറ് എന്നുള്ള നിലയിൽ വരുന്നതാണ് പെഹിക്കാം ലോൺ. പക്ഷെ സെൽഫ് എംപ്ലോയ്മെൻറ് എന്നു പറഞ്ഞ് ലോണെടുത്തിട്ട് ആരുമുഴുവൻ കെ. എഫ്. സി. ക്ക് വിട്ടുകൊടുക്കുന്ന സാഹചര്യമുണ്ടാകരുത്. അതുകൊണ്ട് കഴിയുന്നത്ര ഉദാരമായ മനോഭാവം സ്വീകരിക്കുന്നതാണ്.

ഉപഭോക്തൃ പ്രസ്ഥാനം

* 213. [234] ശ്രീ. പി. പി. തങ്കച്ചൻ :
,, സ്റ്റീഫൻ പാടുവ :
,, കെ. രാഘവൻ മാസ്റ്റർ :
,, പന്തളം സുധാകരൻ :
,, എൻ. ശക്തൻ നാടാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഉപഭോക്തൃ പ്രസ്ഥാനം രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ.;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനത്തിന്റെ വിശദരൂപം എന്തെന്ന് വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ഉപഭോക്തൃ സംരക്ഷണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ശക്തമായ ഒരു ഉപഭോക്തൃ പ്രസ്ഥാനം കെട്ടിപ്പടുക്കുകയും ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിൽ രൂപീകരിക്കുവാനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച ഒരു കരടുബിൽ ഇൻഡ്യാ ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. ഈ ബിൽ നിയമമാവുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും ഈ പ്രസ്ഥാനം ശക്തിപ്പെടുത്തുവാനാവശ്യമായ നിയമനടപടികളെടുക്കുന്നതാണ്.

ശ്രീ. സ്റ്റീഫൻ പാടുവ : സർ, ഈ പ്രസ്ഥാനം കൊണ്ട് ഉപഭോക്താക്കളുടെ പരാതികളും ക്ലേശങ്ങളും പരിഹരിക്കുവാൻ കഴിയുമെന്ന് ഗവൺമെൻറ് പ്രതീക്ഷിക്കുന്നുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ഉപഭോക്താക്കളുടെ സംരക്ഷണത്തിനുവേണ്ടിയുള്ളതാണ് ഈ പ്രസ്ഥാനം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ഈ സംവിധാനം കൊണ്ട് ഉപഭോക്താക്കൾക്ക് എന്തൊക്കെ ഗുണങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. യു. എ. ബീരാൻ : ഉപഭോക്താക്കൾക്ക് ഇന്ന് പല വിധത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. അളവു തൂക്കങ്ങളിൽ കുറവ് വരുത്തുന്നുണ്ട്. ഈ അളവു തൂക്കങ്ങളിൽ കുറവു വരുത്തുന്നതിന്റെ ഫലമായി മാത്രം ഇൻഡ്യയിലൊട്ടാകെ ഒരു കൊല്ലത്തിൽ ഈ മാതിരി 1600 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly